©
കേരള സർക്കാർ
Government of Kerala
2020

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്

# KERALA GAZETTE

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**

**PUBLISHED BY AUTHORITY**

| | | | |
|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2020 ജൂലൈ 7<br>7th July 2020<br>1195 മിഥുനം 23<br>23rd Mithunam 1195<br>1942 ആഷാഢം 16<br>16th Ashadha 1942 | നമ്പർ<br>No. 27 |

## PART IV

# Private Advertisements and Miscellaneous Notifications

## ബഹുമാനപ്പെട്ട ഇടുക്കി മുൻസിഫ് കോടതി മുമ്പാകെ

(സക്സഷൻ ഒ. പി. 1/2020)

ഹർജിക്കാർ :

1. ആര്യാ രമ,
D/o Late അനിയൻ ആനയ്ക്കനാടൻ,
ആനയ്ക്കനാട്ട് വീട്,
ഇടുക്കി കോളനി പി. ഒ.,
പാറേമാവ് കര,
ഇടുക്കി വില്ലേജ്.

2. അതിദി രമ,
D/o Late അനിയൻ ആനയ്ക്കനാടൻ,
ആനയ്ക്കനാട്ട് വീട്,
ഇടുക്കി കോളനി പി. ഒ.,
പാറേമാവ് കര,
ഇടുക്കി വില്ലേജ്.

എതിർ കക്ഷി : ഇല്ല.

സകലമാനപേരേയും തെര്യപ്പെടുത്തുന്നത്

ഹർജിക്കാരുടെ പിതാവ്, ഇടുക്കി ജില്ലയിൽ, ഇടുക്കി താലൂക്കിൽ, ഇടുക്കി വില്ലേജിൽ പാറേമാവ് കരയിൽ ആനയ്ക്കനാട്ട് വീട്ടിൽ കുഞ്ഞയ്യപ്പൻ മകൻ അനിയൻ ആനയ്ക്കനാടൻ മരണപ്പെട്ടുപോയിട്ടുള്ളതും ടിയാന് അവകാശപ്പെട്ട എൽ. ഐ. സി. ഓഫ് ഇൻഡ്യാ തൊടുപുഴ ശാഖയിൽ നിന്നും ലഭിക്കുവാനുള്ള ₹ 10,00,000 വാങ്ങിയെടുക്കുന്നതിന് ഹർജിക്കാർ അവകാശികളാണെന്ന് കണ്ട് ഹർജിക്കാരുടെ പേരിൽ സക്സഷൻ സർട്ടിഫിക്കറ്റ് ലഭിക്കണമെന്ന് കാണിച്ച് ബോധിപ്പിച്ചിട്ടുള്ള ഹർജി 23-7-2020-ാം തീയതി വിചാരണയ്ക്ക് വച്ചിട്ടുള്ളതും ആയതിന് ആർക്കെങ്കിലും തർക്കമുള്ളപക്ഷം അന്നേ ദിവസം രാവിലെ 11 മണിക്ക് ഈ കോടതി മുമ്പാകെ നേരിട്ടോ അഭിഭാഷകൻ മുഖേനയോ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതും അല്ലാത്തപക്ഷം ആർക്കും ആക്ഷേപം ഇല്ലെന്ന് കണ്ട് ഈ ഹർജി സംഗതി തീർപ്പുകൽപ്പിക്കുന്നതുമാണ്.

ഉത്തരവിൻപ്രകാരം,

കെ. ജെ. തോമസ്,
ഹർജിക്കാർഭാഗം അഡ്വക്കേറ്റ്.

ഇടുക്കി.

---

## ഭക്ഷ്യ സുരക്ഷാ വകുപ്പ്

### ദർഘാസ് പരസ്യം

നമ്പർ 422/2019/എ.സി.എഫ്.എസ്. 2020 ജൂൺ 25.

സംസ്ഥാന ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിലവിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നമ്പർ ഡി-2776/2019/ സി.എഫ്.എസ്., തീയതി 30-4-2020 കേരള ഗവർണ്ണർക്കുവേണ്ടി ആലപ്പുഴ ജില്ലാ ഭക്ഷ്യ സുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർ തന്റെ അധീനതയിൽ വരുന്ന പ്രദേശങ്ങളിൽ റാപ്പിഡ് റെസ്പോൺസ് ടീമിന്റെ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിലേക്കായി താഴെപ്പറയുന്ന നിബന്ധനകളോടെ ആലപ്പുഴ ജില്ലാ നിവാസികളുടെ വാഹനം ഒരു വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ ഡ്രൈവർ ഉൾപ്പെടെ വിട്ടുനൽകുന്നതിനായി വാഹന ഉടമകളിൽ നിന്നും മുദ്രവച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. വാഹനം മാസത്തിൽ പരമാവധി 2000 കി.മീറ്റർ ദൂരംവരെ ഓടുന്നതിന് തയ്യാറായിരിക്കണം. വാഹനം മേൽ ആവശ്യത്തിന് 24 മണിക്കൂറും വിട്ടുനൽകുന്നതിന് ഇന്ധനചാർജ്ജ്, ഡ്രൈവർ എന്നിവയുൾപ്പെടെയുള്ള ആകെത്തുകയാണ് പ്രതിമാസവാടക ഇനത്തിൽ ദർഘാസ് ഫോറത്തിൽ രേഖപ്പെടുത്തേണ്ടത്.

ഇതിലേക്കുള്ള ദർഘാസുകൾ "Tender for QRT Vehicle" എന്ന തലക്കെട്ടോടെ 9-7-2020-ാം തീയതി പകൽ 11 മണിക്ക് മുൻപായി അസിസ്റ്റന്റ് ഭക്ഷ്യസുരക്ഷാ കമ്മീഷണർ, ആലപ്പുഴ എന്ന മേൽവിലാസത്തിൽ ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും ഭക്ഷ്യ സുരക്ഷാ അസിസ്റ്റന്റ് കമ്മീഷണറുടെ പേരിൽ ആലപ്പുഴ ജില്ലയിൽ മാറാവുന്ന നിരതദ്രവ്യമായ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം താഴെപ്പറയുന്ന നിരക്കിൽ സമർപ്പിക്കേണ്ടതാണ്.

ദർഘാസ് ഫോറം വാങ്ങുന്നതിനായി ആയതിന്റെ വില ട്രഷറിയിൽ ചെലാൻ അടച്ച് ഹാജരാക്കേണ്ടതാണ് (Head of Account—02-10-80-800-99 other receipts).

ദർഘാസ് നമ്പർ—1/2020-21/എ.സി.എഫ്.എസ്./ആലപ്പുഴ.

വാഹനത്തിന്റെ പേരും അടങ്കൽ തുകയും—Mahendra Bolero, Tatasumo, Maruthii Ertiga, Swift Dezire, Amaze Honda, Cheverlot Enjoy, Tata Indigo (ഇന്ധനചെലവ്, ഡ്രൈവർ ഉൾപ്പെടെ പ്രതിമാസ വാടക നിരക്ക് ₹ 25,000 മുതൽ ₹ 40,000 വരെ).

നിരതദ്രവ്യം—₹ 4,800.

ദർഘാസ് ഫോറത്തിന്റെ വില—₹ 960 + 18% ജി.എസ്.ടി. ആകെ—₹ 1,133.

പ്രവൃത്തിയുടെ/കരാർ കാലാവധി—2021 മാർച്ച് 31 വരെ.

ദർഘാസ് ഫോറം വിൽക്കുന്ന തീയതിയും സമയവും—26-6-2020 മുതൽ 9-7-2020 വരെ.

ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതിയും സമയവും—10-7-2020 പകൽ 11 മണി.

ദർഘാസ് തുറക്കുന്ന തീയതിയും സമയവും—10-7-2020 പകൽ 11.30 മണി.

ദർഘാസ് അംഗീകരിക്കപ്പെടുന്ന വ്യക്തി/സ്ഥാപനം ദർഘാസ് മൊത്തം തുകയുടെ 5 ശതമാനം (5%) തുക സെക്യൂരിറ്റിയായും (ഗവൺമെന്റ് നിഷ്കർഷിക്കുന്ന സെക്യൂരിറ്റി) നിശ്ചിത മാതൃകയിൽ എഗ്രിമെന്റും സമർപ്പിച്ചതിനുശേഷം മാത്രമേ കരാർ അംഗീകരിച്ചു നൽകുകയുള്ളൂ.

### നിബന്ധനകൾ

1. പ്രസ്തുത വാഹനവും ആവശ്യമായ ഡ്രൈവർമാരേയും ആഴ്ചയിൽ എല്ലാ ദിവസവും 24 മണിക്കൂറും ലഭ്യമാക്കേണ്ടതാണ്.
2. വാഹനത്തിന് ആവശ്യമായ ഇന്ധനത്തിന്റെ ചിലവ് വാഹന ഉടമ തന്നെ വഹിക്കേണ്ടതാണ്.
3. വാഹനം മാസത്തിൽ 2000 കി. മീറ്റർ വരെ ഓടുന്നതിന് തയ്യാറായിരിക്കണം.
4. വാഹനത്തിന്റെ എല്ലാവിധ റിപ്പയറുകളും ഇൻഷ്വറൻസ് ഉൾപ്പെടെ മറ്റ് ബാധ്യതയും പ്രസ്തുത വാഹനത്തിന്റെ ഉടമ തന്നെ നിർവ്വഹിക്കേണ്ടതാണ്. ഈ ഡിപ്പാർട്ടുമെന്റിലെ ജീവനക്കാർക്ക് ഇതിൽ യാതൊരു ബാദ്ധ്യതയും ഉണ്ടായിരിക്കുന്നതല്ല.

5. ഏതെങ്കിലും കാരണവശാൽ ടി വാഹനം ലഭ്യമാക്കാതിരുന്നാൽ പ്രസ്തുത വാഹന ഉടമയിൽ നിന്ന് ടി ദിവസങ്ങളിലേക്കുള്ള പിഴ കരാർ പ്രകാരം പ്രത്യേകം ഈടാക്കുന്നതാണ്.

6. മൂന്ന് ദിവസത്തിൽ കൂടുതൽ പ്രസ്തുത വാഹനം ലഭ്യമാക്കാതിരുന്നാൽ ആയത് കരാർ ലംഘനമയി കണക്കാക്കി സർക്കാർ അനുവദിക്കുന്ന നിയമനടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ കരാർ ലഭിച്ചതിനുശേഷം നിശ്ചിത സമയത്തിനുള്ളിൽ വാഹന ഉടമ വാഹനം ലഭ്യമാക്കാതിരുന്നാലും ആയത് കരാർ ലംഘനമായി കണക്കാക്കി EMD കണ്ടുകെട്ടുന്നതാണ്.

7. വാഹനത്തിന്റെ സർവ്വീസ് സംബന്ധമായ കാര്യങ്ങൾക്കായി മറ്റേതെങ്കിലും സാഹചര്യങ്ങളിൽ വാഹനം ലഭ്യമാക്കാതിരിക്കുന്നപക്ഷം പകരം സംവിധാനം എന്ന നിലയിൽ ഇതേ കാറ്റഗറിയിൽ തന്നെയുള്ള മറ്റൊരു വാഹനം കോൺട്രാക്ടർ സ്വന്തം ചെലവിൽ ഏർപ്പെടുത്തേണ്ടതാണ്.

8. വാഹനത്തിന്റെ ഡ്രൈവർ ഒരു ടാക്സി ഡ്രൈവറുടെ നിശ്ചിത യൂണിഫോം നിർബന്ധമായും ധരിച്ചിരിക്കണം.

9. വാഹനം നിശ്ചിത ഓട്ടം കഴിഞ്ഞാൽ ഈ ഓഫീസിന്റെ കോമ്പൗണ്ടിൽ തന്നെ പാർക്ക് ചെയ്യേണ്ടതാണ്.

10. ഈ വാഹനം ക്വിക്ക് റെസ്പോൺസ് ടീമിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ടോ അസിസ്റ്റന്റ് കമ്മീഷണറുടെ നിർദ്ദേശപ്രകാരമോ അല്ലാതെ ഉപയോഗിച്ചതായി ശ്രദ്ധയിൽപ്പെട്ടാൽ ആയത് കരാർ റദ്ദ് ചെയ്ത് EMD കണ്ടുകെട്ടുന്നതാണ്.

11. വാഹനത്തിനും അതിന്റെ ഡ്രൈവർക്കും മോട്ടോർ വാഹനവകുപ്പ് നിർദ്ദേശിച്ചിരിക്കുന്ന എല്ലാവിധ രേഖകളും അനുബന്ധ സംവിധാനങ്ങളും ഉണ്ടായിരിക്കണം.

12. ടെണ്ടർ അംഗീകരിക്കുന്ന മുറയ്ക്ക് ടെണ്ടർ അനുമതി ലഭിച്ച കരാറുകാരൻ വാഹനത്തിന്റെ ഒറിജിനൽ R. C. Book, Tax Receipt, Insurance, Driving Licence എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ബാധ്യസ്ഥനാണ്.

13. കരാർപ്രകാരമുള്ള വാടക നൽകുന്നതും ലോഗ്ബുക്ക് പരിപാലിക്കുന്നതു സംബന്ധിച്ച നടപടികളും എഗ്രിമെന്റ് വ്യവസ്ഥകൾക്ക് വിധേയമായിരിക്കും.

14. ദർഘാസ് അംഗീകരിച്ച് അസിസ്റ്റന്റ് കമ്മീഷണറുടെ അനുമതി ലഭിച്ചാലുടൻ വാഹനം ഉപയോഗത്തിനായി ഡ്രൈവർ സഹിതം ലഭ്യമാക്കേണ്ടതാണ്.

ദർഘാസ് സംബന്ധിച്ചുള്ള ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ എല്ലാ വ്യവസ്ഥകളും ഇതിന് ബാധകമാണ്. കാരണം കൂടാതെ ദർഘാസ് നടപടികൾ റദ്ദ് ചെയ്യുന്നതിനോ മാറ്റി വയ്ക്കുന്നതിനോ ഉള്ള അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്. മേൽ പ്രസ്താവിച്ച വാഹന കരാറിനെ സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് ആഫീസുമായി ബന്ധപ്പെടേണ്ടതാണ്.

ഭക്ഷ്യ സുരക്ഷാ അസിസ്റ്റന്റ്
കമ്മീഷണറുടെ കാര്യാലയം,
ആലപ്പുഴ, ബസാർ പി. ഒ.,
പിൻ-688 012,
ഫോൺ നമ്പർ : 0477-2253123.

(ഒപ്പ്)
ഭക്ഷ്യ സുരക്ഷാ അസിസ്റ്റന്റ്
കമ്മീഷണർ.

## ദർഘാസ് പരസ്യം

നമ്പർ 1474/2020/എ.സി.എഫ്.എസ്./ഇ. കെ. എം. 2020 ജൂൺ 8.

കേരള ഗവർണ്ണർക്കുവേണ്ടി എറണാകുളം ജില്ല ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർ താഴെ പറയുന്ന തരത്തിലുള്ള രണ്ട് വാഹനങ്ങൾ ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ ഡ്രൈവർ ഉൾപ്പെടെ വിട്ടു നൽകുന്നതിനായി വാഹന ഉടമകളിൽ നിന്ന് മുദ്രവച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

| ദർഘാസ് പരസ്യ നമ്പർ | വാഹനത്തിന്റെ പേരും അടങ്കൽ തുകയും | നിരതദ്രവ്യം ₹ | ദർഘാസ് ഫോറത്തിന്റെ വില ₹ | പ്രവർത്തിയുടെ കാലാവധി കരാർ കാലാവധി |
|---|---|---|---|---|
| 1/2020-21 എ. സി. എഫ്. എസ്. എറണാകുളം | Mahindra Bolero, Tata Sumo, Maruthi Ertiga, Swifit Dezire, Honda Amaze, Chevrolet Enjoy, Tata Indigo പ്രതിമാസം പരമാവധി ₹ 40,000 (2000 കി. മീ.-ന് ജി. എസ്. ടി. ഉൾപ്പെടെ) | 4,000 | 400 + 18% ജി. എസ്. ടി. | ഒരു വർഷം (2020-21) സാമ്പത്തിക വർഷം |

പ്രോജക്ടിന്റെ പേര്—Quick Responce Term (QRT)/ഭക്ഷ്യസുരക്ഷാ അടിയന്തിര പ്രവർത്തനങ്ങൾ.

ദർഘാസ് ഫോറം വിൽക്കുന്ന തീയതിയും സമയവും—15-6-2020 മുതൽ 23-6-2020 വരെയുള്ള പ്രവർത്തി ദിവസങ്ങളിൽ ഉച്ചയ്ക്ക് ഒരു മണിവരെ.

ദർഘാസ് ഫോറം സ്വീകരിക്കുന്ന അവസാന തീയതിയും സമയവും—10-7-2020-ന് വൈകുന്നേരം 3 മണി.

ദർഘാസ് ഫോറം തുറക്കുന്ന തീയതിയും സമയവും—13-7-2020-ന് വൈകുന്നേരം 3 മണി.

ദർഘാസ് സംബന്ധിച്ചുള്ള ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ എല്ലാ വ്യവസ്ഥകളും ഇതിന് ബാധകമാണ്. കാരണം കൂടാതെ ദർഘാസ് റദ്ദ് ചെയ്യാനോ മാറ്റിവയ്ക്കാനോ ഉള്ള അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്. മേൽ പ്രസ്താവിച്ച വാഹന കരാറിനെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ആഫീസുമായി ബന്ധപ്പെടേണ്ടതാണ്.

ഭക്ഷ്യ സുരക്ഷാ അസിസ്റ്റന്റ് കമ്മീഷണറുടെ കാര്യാലയം,
എറണാകുളം, ഏരൂർ സൗത്ത് പി. ഒ.,
തൃപ്പൂണിത്തുറ, പിൻ-682 306, ഫോൺ നമ്പർ : 8943346187.

(ഒപ്പ്)
ഭക്ഷ്യ സുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർ.